ഇടുക്കി ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിയമനം നടത്താൻ നടപടി

134 [910] ശ്രീ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തു ;

(സി) പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ 33 (മുപ്പത്തിമൂന്ന്) ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്. 27 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികകളിൽ ബോണ്ട് കാലാവധി പൂർത്തിയാക്കാനുള്ള ജെ. പി. എച്ച്. നേഴ്സുമാർ ജോലി ചെയ്തുവരുന്നു.

ഒഴിവുകൾ നികത്താൻ നടപടി

135 [911] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ താലൂക്ക് ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(സി) ഡോക്ടർമാരുടേതുൾപ്പെടെയുള്ള പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	താലൂക്ക് ആശുപത്രികൾ	—	5
	കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ	—	8
	പ്രൈമറി ഹെൽത്ത് സെന്ററുകൾ	—	4
	ആകെ	—	17

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഡോക്ടർമാരുടെ പ്രസ്തുത ഒഴിവുകൾ ഇപ്പോൾ നിലവിലുള്ള പി. എസ്. സി. ലിസ്റ്റുവഴിയും പ്രൊമോഷൻ മുഖേനയും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ലാ സെക്രട്ടറി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ഹെഡ് നേഴ്സ് എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

എൽ.എച്ച്.ഐ.മാരുടെ തസ്തിക ജൂനിയർ പി. എച്ച്. എൻ.മാരുടെ പ്രൊമോഷൻ തസ്തികയാണ്. ഈ തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫാർമസിസ്റ്റിന്റെ ഒഴിവ് ജനറൽ ട്രാൻസ്ഫർ മുഖേന നികത്തുന്നതാണ്. ഡ്രൈവർ, സ്റ്റാഫ് നേഴ്സ്, എച്ച്. ഐ. ഗ്രേഡ്-2 എന്നീ ഒഴിവുകൾ പി. എസ്. സി.യെ അറിയിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യന്മാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് മുഖേന നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. റേഡിയോഗ്രാഫർ തസ്തികയുടെ ഒഴിവ് പി.എസ്.സി.യുടെ എൻ. ഒ. സി. കിട്ടിയാലുടൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതാണ്. ലെപ്രസി ഇൻസ്പെക്ടറുടെ തസ്തികകളിലെ ഒഴിവുകൾ ഈ പ്രോഗ്രാം ജനറൽ ഹെൽത്തുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനാൽ നികത്തേണ്ടതില്ല. നേഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റന്റന്റ് ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകൾ പ്രൊമോഷൻ മുഖേന നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്താൻ നടപടി

136 [912] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഓരോ വർഷവും കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന കാട്ട അനുസരിച്ചാണ് പി.എച്ച്.സി.കളെ സി.എച്ച്.സി. കളായി ഉയർത്തുന്നത്. മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി സി.എച്ച്.സി.യായി ഉയർത്തുന്ന കാര്യം യഥാസമയം പരിഗണിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly